**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1750** **20-06-2024 - ൽ മറുപടിയ്ക്ക്**

**മങ്കട ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടന്നു വരുന്നത്; ഏതെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നത്; ഓരോ പ്രവൃത്തിയ്ക്കും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | **സൈക്കോളജി &കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നതിനായി 1572000/- രൂപ അനുവദിച്ച് നൽകുകയും പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പ്രവർത്തികളുടേയും അനുവദിച്ച തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**a. കോളേജിന്റെ സംരക്ഷണ മതിൽ നിർമ്മാണത്തിനായി 9935541/- രൂപയുടെ ഭരണാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയുമുണ്ടായി. ടെൻഡർ അക്സെപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രവർത്തി കരാറുകാരനെ ഏൽപ്പിച്ച് നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതാണ്.**<br><br>**b. കോളേജിന് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം നടത്തുന്നതിനായി കിഫ്ബി ഫണ്ട് മുഖേന 8.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവർത്തിയുടെ സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ KSITIL കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമായ ശേഷം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.**<br><br>**c. കോളേജ് ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ-**<br><br>**സി.ഡി.സി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന കോളേജ് ഗ്രൗണ്ടിന്റെ ഭരണാനുമതി പ്രകാരം അഞ്ച് ലക്ഷം രൂപ** |

| | | | |
|---|---|---|---|
| | | | **പൊതു മരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി വർക്കിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിയ്ക്കാവുന്നതാണ്.** |
| (ബി) | കിഫ്ബി വഴി നടപ്പിലാക്കുന്നതും വകുപ്പിന്റെ പ്ലാൻ ഫണ്ട് വഴി നടപ്പിലാക്കുന്നതും മറ്റ് പദ്ധതികൾ വഴി നടപ്പിലാക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് അറിയിക്കുമോ; അവയിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ